DESPATCHED
On...9/2/22...

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001


Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


**ഹർജി നമ്പർAP.No.724(5)/21/SIC**
**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No. 3056/SIC-G7/2021**
**ഉത്തരവ്തീയതി :30.12.2021**

**സന്നിഹിത**
**ശ്രീമതി.ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

ശ്രീഎം.സുരേന്ദ്രൻ,
ടി.സി.94/910, വടയക്കാട്,
KVRA 371, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം – 695 035 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   വഞ്ചിയൂർ വില്ലേജ് ഓഫീസ്.
2. അപ്പീൽഅധികാരി,
   താലൂക്ക് ഓഫീസ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 19.11.2020 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | NIL |
| ഒന്നാംഅപ്പീൽ | 08.01.2021 |
| അപ്പീൽ അധികാരിയുടെതീരുമാനം | NIL |
| രണ്ടാംഅപ്പീൽസമർപ്പിച്ച തീയതി | 01.03.2021 |
| ഹിയറിംഗ്തീയതി, സ്ഥലം | 06.12.2021സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഒന്നാം എതിർകക്ഷി നേരിട്ടും അപ്പീൽ ഹർജിക്കാരൻ ഓഡിയോ കോൺഫെറൻസ് മുഖാന്തിരവും കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. വടയക്കാട്, ഗ്രീൻലയിൻ ജംഗ്ഷനിൽ ടിയാന്റെ വസ്തുവിന്റെ പടിഞ്ഞാറ് ഭാഗത്ത് (റോഡ്സൈഡ്) അബ്ദുൾ മജീദിന്റെ വസ്തുവിന്റെ സർവ്വെ നമ്പർ എത്ര, പ്രമാണ പ്രകാരം, കരംതീരുവ പ്രകാരം എത്ര സെന്റ് ഉണ്ട് വിവരം ലഭ്യമാക്കുക, റീസർവ്വെ പ്രകാരം എത്ര സെന്റ് ഉണ്ട്, സർവ്വെ നമ്പർ എത്ര, അബ്ദുൾ മജീദിന്റെ കൈവശം എത്ര സെന്റ് അധികം ഉണ്ട്, അധിക വസ്തുവിന് വില്ലേജ് ഓഫീസർ എന്ത് നടപടി സ്വീകരിച്ചു തുടങ്ങിയ വിവരങ്ങളായിരുന്നു.

3. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 01.12.2021 ന് മറുപടി ലഭ്യമാക്കിയെന്നും ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലെന്നും അപ്പീൽ സമർപ്പിച്ചപ്പോൾ മറുപടി നൽകിയെന്ന് പറയുന്നത് തെറ്റാണെന്നും 4 ചോദ്യങ്ങൾ ആവശ്യപ്പെട്ടതിൽ 1 ചോദ്യത്തിനുള്ള വിവരം മാത്രമാണ് ലഭ്യമായതെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

5. അപ്പീൽ ഹർജിയും അനുബന്ധരേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ ലഭ്യമായ വിവരങ്ങൾ നൽകിയതായി കമ്മീഷൻ നിരീക്ഷിക്കുന്നു. അപ്പീൽ ഹർജിക്കാരന് ലഭ്യമാക്കിയ മറുപടിയും, ആയത് ഡെസ്പാച്ച് ചെയ്ത രജിസ്റ്ററിന്റെ പകർപ്പും ഹാജരാക്കേണ്ടതാണെന്ന് 06.12.2021 ലെ ഹിയറിംഗിന് കമ്മീഷൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 09.12.2021 ൽ പ്രസ്തുത പകർപ്പുകൾ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയുണ്ടായി.

6. മേൽവസ്തുതകൾ പരിശോധിക്കുമ്പോൾ, എതിർകക്ഷികൾ നൽകിയ മറുപടി ഹർജിക്കാരന് തൃപ്തികരമല്ലാത്തതിനാൽ ഒരിക്കൽകൂടി ടിയാൻ ആവശ്യപ്പെട്ട വിവരം നൽകേണ്ടതാണെന്ന് കമ്മീഷൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. ടിയാൻ ആവശ്യപ്പെട്ട നാലാമത്തെ ചോദ്യത്തിന് ഭൂരേഖാ തഹസിൽദാരെ സമീപിച്ച് അപേക്ഷ സമർപ്പിച്ച് വിവരം ശേഖരിക്കേണ്ടതാണെന്ന് ഹർജിക്കാരന് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ഹർജിക്കാരൻ ഭൂരേഖ തഹസിൽദാരെ സമീപിക്കുന്നപക്ഷം ടിയാന് വേണ്ട സഹായം ചെയ്തുകൊടുക്കേണ്ടതാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻസെക്രട്ടറി**
Jn